**മലയാളി അസ്സോസിയേഷൻ, റാഞ്ചി**

10/04/2018

മാന്യ സുഹൃത്തേ,

റാഞ്ചി മലയാളി അസ്സോസിയേഷന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ 2019 ഏപ്രിൽ മാസം 26, 27, 28 എന്നീ തീയതികളിൽ വർണ്ണോജ്ജ്വലമായ പരിപാടികളോടുകൂടി ആർഭാടപൂർവ്വം കൊണ്ടാടുവാൻ ഈയിടെ നടന്ന ഗവേണിംഗ് ബോഡി മീറ്റിംഗിൽ തീരുമാനിച്ച വിവരം സസന്തോഷം അറിയിച്ചുകൊള്ളട്ടെ.

പ്രസ്തുത ആഘോഷങ്ങളോടനുബന്ധിച്ച് സംഘടനയുടെ ചരിത്രത്തിലെ ഈ സുപ്രധാന നാഴികക്കല്ലിന് അനുയോജ്യമായ ഒരു സുവർണ്ണ ജൂബിലി ലോഗോയ്ക്ക് (Golden Jubilee Logo) രൂപം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ലോഗോ ഒരു മൽസരത്തിലൂടെയാണ് തിരഞ്ഞെടുക്കപ്പെടുക. ലോഗോ രൂപകൽപ്പന (logo design) ചെയ്യാനുള്ള മൽസരത്തിൽ എല്ലാ മാന്യ അംഗങ്ങൾക്കും, അവരുടെ കുടുംബാംഗങ്ങൾക്കും, സംഘടനയുടെ കീഴിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അദ്ധ്യാപകേതര വിഭാഗത്തിൽപെടുന്ന ഉദ്യോഗസ്ഥർക്കും അതോടൊപ്പം കൈരളി സ്ക്കൂൾ വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്.

ലഭിക്കുന്ന രചനകൾ, ഇക്കാര്യത്തിനായി പ്രത്യേകം നിയോഗിക്കപ്പെട്ട കമ്മിറ്റി പരിശോധിച്ച് ഏറ്റവും നല്ല ലോഗോ തിരഞ്ഞെടുക്കുന്നതാണ്. കമ്മിറ്റിയുടെ തീരുമാനം അന്തിമവും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമായിരിക്കും. മൽസരത്തിനായി സമർപ്പിക്കുന്ന designകൾ, A4 വലിപ്പത്തിലുള്ള (297mm x 210mm) കട്ടി കൂടിയ കടലാസ്സിൽ പകർത്തി 2018 മേയ് 15-ാം തീയതിക്കകം ജനറൽ സെക്രട്ടറിയുടെ കൈവശം എത്തിച്ചിരിക്കണം. (ഇതിനായി drawing paper അഥവാ Xerox paper ഉപയോഗിക്കാവുന്നതാണ്.) വൈകിക്കിട്ടുന്ന രചനകൾ ഒരു കാരണവശാലും സ്വീകരിക്കപ്പെടുന്നതല്ല. ഒരു വ്യക്തിക്ക് രണ്ട് വ്യത്യസ്ത രചനകൾ വരെ സമർപ്പിക്കാവുന്നതാണ്. പക്ഷേ ഇവ രണ്ടും രണ്ട് വ്യത്യസ്ത താളുകളിൽ (sheets) ആണ് സമർപ്പിക്കേണ്ടത്. മൽസരാർത്ഥിയെ തിരിച്ചറിയുന്നതിനാവശ്യമായ പൂർണ്ണ വിവരങ്ങൾ താളുകളുടെ മറുവശത്ത് എഴുതിയിരിക്കണം. മൽസര വിജയിക്ക് ഒരു മികച്ച സമ്മാനം രൊക്കം പണമായി നൽകപ്പെടും. തിരഞ്ഞെടുക്കപ്പെടുന്ന Logoയുടെ പകർപ്പവകാശം സംഘടനയുടെ പക്കൽ നിക്ഷിപ്തമായിരിക്കും

എന്ന് സ്നേഹപൂർവ്വം

(സുകുമാരൻനായർ)

ജനറൽ സെക്രട്ടറി